അരിമ്പൂരിൽ 5.71 കോടി രൂപയുടെ പദ്ധതികൾ

അന്തിക്കാട്: അരിമ്പൂർ പഞ്ചായത്ത് വികസന സെമിനാർ 5.71 കോടി രൂപയുടെ പധതികൾക്ക് അംഗീകാരം നൽകി. നെൽകൃഷിയ്ക്കും ഞങ്ങളും കൃഷിയിലേക്ക് അടക്കമുള്ള കാർഷിക പധതികൾക്കായി 55 ലക്ഷം രൂപയും ആയിരം തൊഴിലവസര ങ്ങളൊരുക്കുന്ന 100 ചെറുകിട വ്യവസായ സംരഭങ്ങൾക്കായി 10 ലക്ഷം രൂപയും ലൈഫ് പധതിക്കായി 48 ലക്ഷം രൂപയും വയോജനങ്ങൾ, ഭിന്നശേഷിക്കാർ, ശിശുക്ഷേമ പധതികൾക്കായി 10 ലക്ഷം രൂപയും ജലസ്രോതസുകളുടെ നവീകരണത്തിനായി ഒരു കോടി രൂപയുടെ പധതികൾ നടപ്പിലാക്കുമെന്ന് വികസനസ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ സിന്ധു സഹദേവൻ പദ്ധതി വിശദീകരണം നടത്തിക്കൊണ്ട് പറഞ്ഞു. പഞ്ചായത്ത് പ്രസിഡന്റ് സ്മിത അജയകുമാർ സെമിനാർ ഉദ്ഘാടനം ചെയ്തു. വൈസ് പ്രസിഡന്റ് ഷിമിഗോപി അധ്യക്ഷയായി. കെ.കെ. ശശിധരൻ , കെ.കെ. ഹരിദാസ് ബാബു, ശോഭ ഷാജി, കെ.ആർ. ബാബുരാജ്, കെ.കെ. മുകുന്ദൻ, ജിജോ നീലങ്കാവിൽ , അജി ഫ്രാൻസിസ്, സെക്രട്ടറി ടി. സത്യൻ എന്നിവർ പ്രസംഗിച്ചു. കൊവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ പങ്കാളികളായവരെ ചടങ്ങിൽ ആദരിച്ചു.

സൗജന്യ പരീക്ഷ പരിശീലനം

തൃശൂർ: കേരളത്തിലെ വിവിധ സഹകരണ ബാങ്കുകളിലെ ജൂനിയർ ക്ലർക്ക് നിയമനത്തിനായി സഹകരണ സർവീസ് എക്സാമിനേഷൻ ബോർഡ് നടത്തുന്ന പരീക്ഷയ്ക്കുള്ള സൗജന്യ ഓഫ്‌ലൈൻ പരിശീലന പരിപാടി മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആൻഡ് ഗൈഡൻസ് ബ്യൂറോയുടെ ആഭിമുഖ്യത്തിൽ ഉടൻ ആരംഭിക്കുന്നു. പങ്കെടുക്കാൻ താൽപര്യമുള്ളവർ ബന്ധപ്പെടുക. ഫോൺ: 0481-2731025, 9605674818

വികസന സെമിനാർ നടത്തി

ചാലക്കുടി: ബ്ലോക്ക് പഞ്ചായത്ത് വികസന സെമിനാർ സനീഷ് കുമാർ ജോസഫ് എംഎൽഎ ഉദ്ഘാടനം ചെയ്തു. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് വേണു കണ്ട രുമംത്തിൽ അദ്ധ്യക്ഷത വഹിച്ചു.പുതിയ സാമ്പത്തിക വർഷത്തിൽ അഞ്ചു കോടി രൂപയുടെ വികസനപ്രവർത്തനങ്ങൾക്കാണ് കരടുരേഖയായത്. കൃഷി, തൊഴിൽ സംരഭങ്ങൾ ഭിന്നശേഷി സഹൃദം, ശിശു സൗഹൃദം തുടങ്ങിയ പദ്ധതികൾക്കാണ് പ്രാധാന്യം കൊടുത്തിരിക്കുന്നത്, വൈസ് പ്രസിഡന്റ് ലീന ഡേവിസ് സ്ഥിരം സമിതി അദ്ധ്യക്ഷരായ ബീന രവീന്ദൻ പി.പി. പോളി, പഞ്ചായത്ത് പ്രസിഡന്റുമാരായ സുനിത എം.എസ് പ്രിൻസി ഫ്രാൻസിസ് , മായാ ശിവദാസൻ അംഗങ്ങളായ ഷാന്റി ജോസഫ് , വനജ ദിവാകരൻ എന്നിവർ പ്രസംഗിച്ചു.

അന്തിക്കാട്: മണലൂർ ഗ്രാമപഞ്ചായത്തിന്റെ നവകേരള ജനകീയാസൂത്രണം 14-ാം പഞ്ചവത്സര പദ്ധതി 2022-2023 വാർഷിക പദ്ധതി രൂപീകരണത്തിന്റെ ഭാഗമായുള്ള വികസനസെമിനാർ അന്തിക്കാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സി.കെ.കൃഷ്ണകുമാർ ഉദ്ഘാടനം ചെയ്തു. പഞ്ചായത്ത് പ്രസിഡന്റ് പി.ടി. ജോൺസൻ അദ്ധ്യക്ഷനായി.

പ്രാദേശിക സാമ്പത്തിക ഭക്ഷ്യസ്വയംപര്യാപ്ത ഗ്രാമം എന്നീ ലക്ഷ്യങ്ങളിലൂന്നി ഉത്പാദന മേഖലയ്ക്കും ലൈഫ് രണ്ടാം ഘട്ട പദ്ധതിയിലൂടെ പാർപ്പിട മേഖലയ്ക്കും പ്രാധാന്യം നൽകിയിട്ടുണ്ട്. വനിതകൾ , കുട്ടികൾ , വയോജനങ്ങൾ , ഭിന്നശേഷിക്കാർ എന്നീ വിഭാഗങ്ങൾക്കും പ്രാധാന്യം നൽകിയിട്ടുണ്ട്. കായലോര, വയലോര വിനോദ സഞ്ചാര പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ട്.

18.57 കോടി രൂപയുടെ പദ്ധതികൾ സ്ഥിരം സമിതി അധ്യക്ഷൻ ഷോയ് നാരായണൻ അവതരിപ്പിച്ചു. വൈസ് പ്രസിഡന്റ് പുഷ്പ വിശ്വംഭരൻ, സി.ആർ .രമേഷ്, ടോണി അത്താണിക്കൽ , കവിത രാമചന്ദ്രൻ, രാഗേഷ് കണിയാംപറമ്പിൽ, രതീഷ് കൂനത്ത്, റോബിൻ വടക്കേത്തല, സെക്രട്ടറി എസ്.സൂര്യകുമാരി എന്നിവർ പ്രസംഗിച്ചു.

വടക്കാഞ്ചേരി: തെക്കുംകര പഞ്ചായത്ത് വാർഷിക പദ്ധതി വികസന സെമിനാർ ജില്ല പഞ്ചായത്ത് അംഗം പി എസ് വിനയൻ ഉദ്ഘാടനം ചെയ്തു. പദ്ധതി രേഖ കരട് പ്രകാശനവും അദ്ദേഹം നിർവഹിച്ചു.

പഞ്ചായത്ത് പ്രസിഡന്റ് ടി. വി. സുനിൽ കുമാർ അധ്യക്ഷനായി.ബ്ലോക്ക് പഞ്ചായത്ത് സ്ഥിരം സമിതി അധ്യക്ഷ എം കെ ശ്രീജ, പഞ്ചായത്ത് വൈസ് പ്രസിഡന്റ് ഇ ഉമാലക്ഷ്മി, സ്ഥിരം സമിതി അധ്യക്ഷൻ പി ആർ രാധാകൃഷ്ണൻ, പഞ്ചായത്ത് അംഗങ്ങളായ കെ ആർ കൃഷ്ണൻകുട്ടി, ഐശ്വര്യ ഉണ്ണി, സെക്രട്ടറി അരുൺ ജോൺ ടി ,പി കെ തിലകൻ എന്നിവർ സംസാരിച്ചു.

ഇഎംഎസ് സ്മൃതി സമാപന സമ്മേളനം സിപിഎം പോളിറ്റ് ബ്യൂറോ അംഗം എ. വിജയരാഘവൻ ഉദ്ഘാടനം ചെയ്യുന്നു. സംഘാടക സമിതി കൺവീനർ കെ. രവീന്ദ്രൻ, മന്ത്രി പി. രാജീവ്, സിപിഐ ദേശീയ കൗൺസിൽ അംഗം ബിനോയ് വിശ്വം എംപി, മന്ത്രി കെ. രാധാകൃഷ്ണൻ, സിപിഎം ജില്ലാസെക്രട്ടറി എം.എം വർഗീസ് സമീപം.

ഇഎംഎസ് സ്മൃതി സമാപിച്ചു

തൃശൂർ: ഇഎംഎസ് ജന്മദിനത്തിന്റെ ഭാഗമായി സംഘടിപ്പിക്കുന്ന മാർക്സിസ്റ്റ് ദാർശനീക പാഠ്യപരിപടിയായ ഇഎംഎസ് സ്മൃതി സമാപിച്ചു. രണ്ടുദിവസമായി നടന്ന ദേശീയ സെമിനാറിന്റെ സമാപനസമ്മേളനം സിപിഎം പോളിറ്റ്ബ്യൂറോ അംഗം എ വിജയരാഘവൻ ഉദ്ഘാടനം ചെയ്തു. നാളത്തെ കേരളം എന്ന വിഷയവും അദ്ദേഹം അവതരിപ്പിച്ചു സിപിഎം ജില്ലാ സെക്രട്ടറിയറ്റംഗം പി.കെ ഡേവീസ് അധ്യക്ഷനായി. ബിനോയ് വിശ്വം എംപി, മന്ത്രിമാരായ പി രാജീവ് എന്നിവർ സംസാരിച്ചു. പ്രൊഫ. സി രവീന്ദ്രനാഥ് ചർച്ച ക്രോഡീകരിച്ചു. ഡോ.എംഎൻ സുധാകരൻ സ്വാഗതവും കെ രവീന്ദ്രൻ നന്ദിയും പറഞ്ഞു.

ചൊവ്വാഴ്ച രാവിലെ നവ ഉദാരവൽക്കരണം ഒരു വിമർശനം എന്ന വിഷയത്തിൽ പ്രൊഫ. പ്രഭാത് പട്നായിക് ഓൺലൈനിൽ പ്രഭാഷണം നടത്തി. അധികാര വികേന്ദ്രീകരണം കേരള പാഠങ്ങൾ എന്ന വിഷയം പ്രൊഫ. സി രവീന്ദ്രനാഥ് അവതരിപ്പിച്ചു. അക്കാദമിക് കമ്മിറ്റി ചെയർമാൻ യു.പി ജോസഫ് അധ്യക്ഷനായി. കെ വി നഫീസ സ്വാഗതവും ഗ്രീഷ്മ അജയ്ഘോഷ് നന്ദിയും പറഞ്ഞു.

ഉൾചേർത്ത വികസനം കേരളീയാനുഭവങ്ങൾ എന്ന വിഷയം സിപിഎം കേന്ദ്ര കമ്മിറ്റി അംഗവും മന്ത്രിയുമായ കെ രാധാകൃഷ്ണൻ അവതരിപ്പിച്ചു. സിപിഎംജില്ലാ സെക്രട്ടറിയറ്റംഗം കെ.വി അബ്ദുൾഖാദർ അധ്യക്ഷനായി. ഡോ. എം. സിന്ധു സ്വാഗതവും പി.വി ഉണ്ണികൃഷ്ണൻ നന്ദിയും പറഞ്ഞു.

ഹിന്ദു വർഗീയ വാദികളുടെ വിഭജന തന്ത്രം വിലപോകില്ല: ബിനോയ് വിശ്വം

തൃശൂർ: ഹിന്ദു വർഗീയ വാദികളുടെ വിഭജന തന്ത്രം കേരളത്തിൽ വിലപോകില്ലെന്ന് സിപിഐ ദേശീയ സെക്രട്ടറിയേറ്റ് അംഗം ബിനോയ് വിശ്വം. ആർഎസ്എസ് മുന്നോട്ടു വയ്ക്കുന്ന ഹിന്ദുത്വ അജണ്ടയ്ക്ക് ഹിന്ദുമതവുമായി ഒരു ബന്ധവും ഇല്ല. മറ്റു സംസ്ഥാനങ്ങളിൽ വർഗീയ വാദികൾ പ്രയോഗിക്കുന്ന വിഭജന തന്ത്രം കേരളത്തിൽ നടപ്പാകാത്തത് ഇവിടെ ശക്തമായ ഇടതുപക്ഷ സാന്നിദ്ധ്യം ഉള്ളതുകൊണ്ടാണെന്നും എല്ലാ വിഭാഗം വർഗീയതയെയും ചെറുത്തു തോൽപ്പിക്കുന്നതിൻ ഇടതുപക്ഷ ഐക്യം പരമ പ്രധാനമാണെന്നും അദ്ദേഹം പറഞ്ഞു. ഇഎംഎസ് സ്മൃതി സമാപന സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. പതിനായിരം വർഷങ്ങൾ മുമ്പുള്ള ഇന്ത്യൻ ജനതയുടെ പാരമ്പര്യം സംബന്ധിച്ച പഠനത്തിനായുള്ള പദ്ധതി ഒരു ഫാസിസ്റ്റ് അജണ്ടയാണ്. കേരളത്തിന്റെ വികസന വഴികൾ വെട്ടിതുറന്നതിൽ 1957ലെ ഇഎംഎസ് ഗവൺമെന്റും 1971ലെ സി അച്യുത മേനോൻ ഗവൺമെന്റും വഹിച്ച പങ്ക് അനിഷേധ്യമാണ്. കേരളത്തിന്റെ വികസന സംവാദങ്ങളിൽ പാരിസ്ഥിതിക പരിഗണനകൾ ഒഴിവാക്കാൻ പാടില്ല. ശാസ്ത്ര സാഹിത്യ പരിഷത്തിന്റെ സംസ്ഥാന സമ്മേളനം അംഗീകരിച്ച പ്രമേയവും സംവാദങ്ങളിൽ പ്രസ്കതമാണെന്ന് ബിനോയ് വിശ്വം കൂട്ടിചേർത്തു.

ക്ഷേത്രനടയിലെ കവർച്ച നടത്തിയ മോഷ്ടാവ് അറസ്റ്റിൽ

ഗുരുവായൂർ: ഗുരുവായൂർ ക്ഷേത്രത്തിന്റെ കിഴക്കെ നടയിലെ ക്ലോക് റൂമിൽ ദർശനത്തിന് വന്ന കുടുംബം ഏൽപ്പിച്ച വില കൂടിയ വസ്തുക്കളടങ്ങുന്ന ബാഗ് കളവ് പോയ സംഭവത്തിലെ പ്രതിയെ ഗുരുവായൂരിൽ നിന്നും ഗുരുവായൂർ ടെമ്പിൾ പൊലീസ് അറസ്റ്റ് ചെയ്തു. കഴിഞ്ഞ ശനിയാഴ്ച വൈകിട്ടോടെ ക്ഷേത്ര ദർശനത്തിന് വന്ന കൊല്ലം ജില്ലയിലെ ആശ്രാമം സ്വദേശിനി വിജി ലേഖ എന്നവരുടെ ലാപ്ടോപ്പ്, മൊബൈൽ ഫോൺ, വീടിന്റെ താക്കോൽ ഉൾപ്പെടെയുള്ള വിലപിടിപ്പുള്ള വസ്തുക്കളാണ് ക്ലോക്ക് റൂമിൽ നിന്നും നഷ്ടമായത്. ജീവനക്കാരെ കബളിപ്പിച്ച് ബാഗ് ഉൾപ്പെടെയുള്ള വസ്തുക്കൾ കൊണ്ടുപോയ മോഷ്ടാവിനെ ഇന്നലെയാണ് ഗുരുവായൂരിൽ നിന്നും പിടികൂടിയത്. കോട്ടയം ജില്ലയിലെ പാമ്പാടി വെള്ളൂർ സ്വദേശി ഷാജി എന്ന പേരിലറിയപ്പെടുന്ന അനിൽ കുമാറാണ് പ്രതി. മോഷണ ശേഷം വസ്തുക്കളടങ്ങുന്ന ബാഗ് മറ്റൊരാൾക്ക് കൈമാറിയതായി പ്രതി കുറ്റസമ്മതം നടത്തിയിട്ടുണ്ട്. സബ് ഇൻസ്പെക്ടർമാരായ ഐ.എസ്. ബാലചന്ദ്രൻ , കെ.ഗിരി , എ എസ് ഐ സാബു പി.എസ് , സിവിൽ പൊലീസ് ഓഫീസർ ബിനു പൗലോസ് എന്നിവരാണ് പ്രതിയെ പിടികൂടിയത്. കളവ് മുതൽ കണ്ടെത്തുന്നതിനുള്ള ഊർജിത ശ്രമം പൊലീസ് ആരംഭിച്ചു.

ബാലികയ്ക്ക് മുന്നിൽ നഗ്നതാപ്രദർശനം: വയോധികന് ശിക്ഷ

ഇരിങ്ങാലക്കുട: ബാലികയ്ക്കു മുന്നിൽ നഗ്നതാപ്രദർശനം നടത്തിയ പ്രതിക്ക് ഒരുവർഷം തടവും പതിനായിരം രൂപ പിഴയും. എടതിരിഞ്ഞി സ്വദേശി കുതിരപ്പശേരി സുബ്രഹ്മണ്യ (77) നെയാണ് ഇരിങ്ങാലക്കുട പോക്സോ സ്പെഷൽ കോടതി ജഡ്ജി കെ.പി. പ്രദീപ് കുമാർ ശിക്ഷിച്ചത്. എട്ടു വയസായ ബാലികയ്ക്കു മുന്നിൽ നഗ്നത പ്രദർശിപ്പിക്കുകയും മൊബൈൽ ഫോണിൽ അശ്ലീല ദൃശ്യങ്ങൾ കാട്ടിയെന്നുമായിരുന്നു കേസ്. 2016ൽ ആണു സംഭവം. പിഴത്തുകയിൽ 8000 രൂപ അതിജീവിതയ്ക്കു നൽകണം. പിഴയടച്ചില്ലെങ്കിൽ മൂന്നുമാസംകൂടി ശിക്ഷ അനുഭവിക്കണം. കേസിൽ പ്രോസിക്യൂഷനു വേണ്ടി സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർ കെ.എൻ. സിനിമോൾ ഹാജരായി. കാട്ടൂർ പൊലീസ് സ്റ്റേഷൻ എസ്ഐ ആയിരുന്ന മനു വി. നായരാണു കേസ് അന്വേഷിച്ചത്.

മതവിദ്വേഷത്തിന്റെ രാഷ്ട്രീയം സംഘപരിവാർ പ്രചരിപ്പിക്കുന്നു: എ. വിജയരാഘവൻ

ഒല്ലൂർ: ചരിത്ര നിർമിതികളുടെ മനോഹാരിത നമുക്ക് ആനന്ദവും കുളിർമയും നൽകുമ്പോൾ അതിന്റെ അടിയിളക്കി അമ്പലം ഉണ്ടോ എന്ന് പരിശോധനയാണ് സംഘപരിവാർ നടത്തുന്നതെന്ന് സിപിഎം പോളിറ്റ് ബ്യൂറോ അംഗം എ. വിജയരാഘവൻ പറഞ്ഞു. സിപിഎം അഞ്ചേരി ലോക്കൽ കമ്മിറ്റി സൗജന്യമായി നിർമിച്ചുനൽകുന്ന സ്നേഹ വീടിന്റെ താക്കോൽദാനം. കർമം നിർവഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം. മുസ്ലിം ചരിത്രം നിർമിതികൾ തകർക്കാൻ മത വിദ്വേഷത്തിന്റെ രാഷ്ട്രീയം സംഘപരിവാർ പ്രചരിപ്പിക്കുകയാണ്. എല്ലാ ബോധത്തെയും മതവൽക്കരിക്കുന്ന കാലം അപകടകരമാണ്. രാജ്യത്ത് അസമത്വം വർദ്ധിക്കുന്ന ദുരിത കാലത്തിന്റെ മുന്നിൽ തലകുനിക്കാൻ ആവില്ല. കോൺഗ്രസ്എംപി യെ ബിജെപിയുടെ ഡൽഹി പൊലീസ് തല്ലിച്ചതച്ചപ്പോഴും അതിനെതിരേ ഒരു പ്രകടനം പോലും നടത്താൻ കഴിയാത്ത കോൺഗ്രസ് ആണ് കേരളത്തിൽ പിണറായിക്കെതിരേ പ്രകടനം നടത്തുന്നതെന്നും എല്ലാ കേന്ദ്ര ഏജൻസികളും അന്വേഷിച്ചിട്ടും കേരള സർക്കാരിനെതിരേ ഒന്നും കണ്ടെത്താൻ കഴിയാത്തതിനാൽ സർക്കാരിനെതിരേ പുതിയ ആരോപണങ്ങൾ ജനം തള്ളികളയുമെന്നും വിജയരാഘവൻ പറഞ്ഞു.

വളർക്കാവ് ക്ഷേത്രത്തിന് സമീപം താമസിക്കുന്ന വലതുകാൽ നഷ്ടപ്പെട്ട് ഒറ്റക്ക് കഴിയുന്ന തെക്കുട്ട് സരസ്വതിക്കാണ് സൗജന്യമായി വീട് നിർമിച്ചു നൽകുന്നത്.

സിപിഎം അഞ്ചേരി ലോക്കൽ കമ്മിറ്റി നിർമിച്ചു നൽകുന്ന സ്നേഹ വീടിന്റെ ഉദ്ഘാടനം പിബി അംഗം എ. വിജയരാഘവൻ നിർവഹിക്കുന്നു

1983ൽ നെല്ലിക്കുന്ന് കുറ പ്രദേശത്തെ പടക്ക നിർമാണ ശാലയിൽ നടന്ന സ്ഫോടനത്തിലാണ് 17 കാരിയായ സരസ്വതിയുടെ വലതുകാൽ നഷ്ടപ്പെട്ടത്. സ്ഫോടനത്തിൽ സരസ്വതിയുടെ സഹോദരി പുഷ്പ കൊല്ലപ്പെട്ടിരുന്നു. അവിവാഹിതയായ സരസ്വതി പെൻഷൻ വരുമാനം കൊണ്ടു മാത്രമാണ് കഴിയുന്നത്. മൂന്ന് സെന്റ് ഭൂമിയിൽ സിപിഎം ലോക്കൽ കമ്മിറ്റി സൗജന്യമായാണ് വീട് നിർമിച്ചു നൽകിയത്. വളർക്കാവ് ദുർഗാ ക്ഷേത്രം ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ ലോക്കൽ സെക്രട്ടറി കെഎംരാധാകൃഷ്ണൻ അധ്യക്ഷനായി, ജില്ലാ സെക്രട്ടറിഎംഎം വർഗീസ്, ജില്ലാ സെക്രട്ടറിയേറ്റ് അംഗം കെ കെ രാമചന്ദ്രൻ എംഎൽഎ, ഏരിയ സെക്രട്ടറി കെ പി പോൾ, ജില്ലാ കമ്മിറ്റിയംഗം വർഗീസ് കണ്ടംകുളത്തി, ഏരിയ കമ്മിറ്റി അംഗങ്ങളായ കെ വി ജനാർദ്ദനൻ, പ്രഷി ഗണേഷ്, റിക്സൻ പ്രിൻസ്, പി എസ് ഗിരീഷ് എന്നിവർ സംസാരിച്ചു.

MANAPPURAM HOME FINANCE LTD.

മണപ്പുറം ഹോം ഫിനാൻസ് ലിമിറ്റഡ്

മണപ്പുറം ഹോം ഫിനാൻസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന് മുൻപ് അറിയപ്പെട്ടിരുന്നത്
CIN-U65923K12010PIC039179

രജിസ്റ്റേഡ് ഓഫീസ്: IV/470 എ (ഓൾഡ്) [illegible]/638എ(ന്യൂ) മണപ്പുറം ഹൗസ് വലപ്പാട് തൃശൂർ കേരള-680567
കോർപ് ഓഫീസ്-മണപ്പുറം ഹോം ഫിനാൻസ് ലിമിറ്റഡ് യൂണിറ്റ് 301-315 എ-വിങ്, മൂന്നാം നില, കനാകിയ വാൾ സ്ട്രീറ്റ്, അന്ധേരി കുർള റോഡ്, അന്ധേരി ഈസ്റ്റ്, മുംബൈ- 400093. മഹാരാഷ്ട്ര ഫോൺ: 022-66211000 വെബ്സൈറ്റ്: www.manappuramhomefin.com

ഡിമാൻഡ് നോട്ടീസ്

[illegible] 2002ലെ സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) സെക്ഷൻ 13(2) പ്രകാരം [illegible]

Sr. No.	വായ്പക്കാരന്റെ /സഹവായ്പക്കാരന്റെ പേര് /ലോൺ അക്കൗണ്ട് നമ്പർ/ശാഖ	ജാമ്യവസ്തുവിന്റെ വിശദാംശങ്ങൾ	എൻപിഎ തീയതി	നോട്ടീസ് അയച്ച തീയതി, തിരിച്ചടക്കേണ്ട തുക
1	ഷക്കീന മുഹമ്മദ് അലി, മുഹമ്മദ് അലി, സോണിയ വർഗീസ്/ PU90PULONS000005003691/ പാലക്കാട്	[illegible] സർവേ നമ്പർ 130/9, ബ്ലോക്ക് നമ്പർ 36, [illegible] പാലക്കാട് താലൂക്ക്, പാലക്കാട്- 678623, കേരളം, ഇന്ത്യ	12-10-2021	28-05-2022 & Rs.1311378/-

[illegible] 2002ലെ സെക്യൂരിറ്റൈസേഷൻ, റീകൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആൻഡ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്റ്റ് പ്രകാരം 60 ദിവസത്തിനു ശേഷം [illegible]

തീയതി: 15.06.2022
സ്ഥലം: പാലക്കാട്

ഒപ്പ് /- അംഗീകൃത ഓഫീസർ
മണപ്പുറം ഹോം ഫിനാൻസ് ലിമിറ്റഡ്

അധികാരം നിലനിർത്താനാണ് പിണറായി ശ്രമിക്കുന്നത്: കെ. സുരേന്ദ്രൻ

ഡോക്ടർക്ക് സസ്പെൻഷൻ

മൃതദേഹം വിട്ടുകൊടുത്തശേഷം തിരിച്ചെടുത്ത് പോസ്റ്റുമോർട്ടം

മുളങ്കുന്നത്തുകാവ്: തൃശൂർ ഗവ.മെഡിക്കൽ കോളെജിൽ മൃതദേഹം വിട്ടുകൊടുത്ത ശേഷം തിരിച്ചെടുത്ത് പോസ്റ്റുമോർട്ടം നടത്തിയ സംഭവത്തിൽ ഡോക്ടർക്ക് സസ്പെൻഷൻ. അസ്ഥിരോഗ വിഭാഗം അസിസ്റ്റന്റ് പ്രൊഫസറും ഓർത്തോ യൂണിറ്റ് മൂന്നിന്റെ തലവനുമായ ഡോ. പി.ജെ ജേക്കബിനെയാണ് അന്വേഷണ വിധേയമായി സസ്പന്റ് ചെയ്തത്. കഴിഞ്ഞ എട്ടിന് അപകടത്തിൽപ്പെട്ട് ചികിത്സ തേടിയ യൂസഫ് എന്നയാൾ പതിനൊന്നിന് മരിച്ചിരുന്നു. പോസ്റ്റുമോർട്ടം നടത്താതെ മൃതദേഹം ബന്ധുക്കൾക്ക് വിട്ടുകൊടുക്കുകയും ചെയ്തു. പൊലീസ് ഇടപെട്ട് മൃതദേഹം വീണ്ടും മെഡിക്കൽ കോളെജിലെത്തിച്ച് പോസ്റ്റുമോർട്ടം നടത്തിച്ചിരുന്നു.

സംഭവം വിവാദമായതിന് പിന്നാലെ ആരോഗ്യ മന്ത്രി അന്വേഷണത്തിന് ഉത്തരവിട്ടു. മെഡിക്കൽ കോളെജ് പ്രിൻസിപ്പൽ നടത്തിയ അന്വേഷണത്തിൽ ഗുരുതരമായ കൃത്യവിലോപം കണ്ടെത്തിയതിനെ തുടർന്നാണ് വകുപ്പ് മേധാവിക്കെതിരേ നടപടി സ്വീകരിച്ചത്. എന്നാൽ പിഴവ് വരുത്തിയ ഡ്യൂട്ടി ഡോക്ടർക്കെതിരേ നടപടി ഉണ്ടായില്ലെന്ന ആക്ഷേപവും ഉയരുന്നുണ്ട്. മൃതദേഹം വിട്ടുകൊടുത്ത സംഭവത്തിൽ പ്രിൻസിപ്പൽ റിപ്പോർട്ട് കൈമാറി. ഡിഎംഒയ്ക്കും ചീഫ് സെക്രട്ടറിക്കുമാണ് പ്രിൻസിപ്പൽ റിപ്പോർട്ട് കൈമാറിയത്. അപകടത്തിൽപ്പെട്ടാണ് ചികിത്സയ്ക്ക് എത്തിയത് എന്ന കാര്യം യൂസഫ് മറച്ചുവച്ചെന്ന് ഡോക്ടറുടെ മൊഴി റിപ്പോർട്ടിൽ പറയുന്നു.

ആശുപത്രിയിൽ എത്തിക്കുമ്പോൾ യൂസഫിന് ബോധം നഷ്ടപ്പെട്ടിരുന്നില്ല. അപകടം മറച്ചു വച്ചതിനാൽ കേസ് ഷീറ്റിൽ മെഡിക്കൽ ലീഗൽ കേസ് എന്ന് രേഖപ്പെടുത്തിയില്ല. പിന്നീട് യൂസഫിന്റെ ബോധം നഷ്ടപ്പെട്ടതിനാൽ പരുക്ക് എങ്ങനെ ഉണ്ടായി എന്ന് ചോദിച്ചറിയാൻ ഡോക്ടർമാർക്ക് കഴിഞ്ഞില്ലെന്നും അപകട മരണത്തിന്റെ രേഖകൾ ഇല്ലാത്തതിനാലാണ് മൃതദേഹം വിട്ടുകൊടുത്തതെന്നുമാണ് വിശദീകരണമായി റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. വടക്കാഞ്ചേരി ഒന്നാംകല്ല് സ്വദേശി പട്ടിശേരി വളപ്പിൽ യൂസഫിന്റെ (46) മൃതദേഹമാണ് പോസ്റ്റ് മോർട്ടം നടത്താതെ വിട്ട് കൊടുത്ത് സംസ്കാര ചടങ്ങുകൾക്കിടെ വീണ്ടും തിരിച്ചെത്തിച്ച് പോസ്റ്റ്മോർട്ടം നടത്തിത്.

ലോറി മറിഞ്ഞു

ചാലക്കുടി: ആനമല അന്തർ സംസ്ഥാന പാതയിൽ പുളിയിലപ്പാറ ജംഗ്ഷന് സമീപം കലുങ്ക് ഇടിഞ്ഞ് മരം കയറ്റിയ ലോറി ഇരുപതടി താഴ്ചയിലേക്ക് മറിഞ്ഞു. ലോറി ഡ്രൈവർ കുരിയൻ സാരമായ പരുക്കുകളോടെ രക്ഷപ്പെട്ടു. മറ്റു വാഹനങ്ങൾക്ക് സൈഡ് കൊടുക്കുന്നതിനിടയിൽ കാലപഴക്കം ചെന്ന കലുങ്ക് ഇടിഞ്ഞതിനെ തുടർന്ന് മരം കയറ്റിയ ലോറി തലകീഴായി മറിയുകയായിരുന്നു. ഡ്രൈവർ ലോറി മറിഞ്ഞയുടനെ പുറത്തേക്ക് ചാടിയതിനാലാണ് സാരമായ പരുക്കുകളോടെ രക്ഷപ്പെട്ടത്. കലുങ്ക് ഇടിഞ്ഞങ്കിലും ഇതുവഴിയുള്ള വാഹന ഗതാഗതം തടസപ്പെട്ടില്ല.

കോൺഗ്രസ് വനിതാ പ്രവർത്തകരെ അപമാനിച്ച് ഇടത് എംഎൽഎ

പാലക്കാട്: ബിരിയാണി ചെമ്പ് വഴിയുള്ള കള്ളക്കടത്തിൽ മുഖ്യമന്ത്രിയ്ക്കെതിരേ പ്രതിഷേധിച്ച കോൺഗ്രസ് വനിതാ പ്രവർത്തകരെ അപമാനിച്ച് ഇടത് എംഎൽഎ. നെന്മാറ എംഎൽഎ കെ. ബാബുവാണ് വനിതാ പ്രവർത്തകർക്കെതിരേ അധിക്ഷേപ പരാമർശമുന്നയിച്ചത്. സംഭവത്തിൽ എംഎൽഎയ്ക്കെതിരേ ശക്തമായ പ്രതിഷേധവുമായി കോൺഗ്രസ് രംഗത്ത് എത്തി. മുഖ്യമന്ത്രിയ്ക്കെതിരേ തുടരുന്ന പ്രതിഷേധത്തിനെതിരേ പല്ലശ്ശനയിൽ സംഘടിപ്പിച്ച യോഗത്തിലായിരുന്നു എംഎൽഎയുടെ അധിക്ഷേപ പരാമർശം. സ്ത്രീകൾ കയറി കഴിഞ്ഞാൽ പിന്നെ അവർ സമരത്തിന്റെ മുൻപിൽ നിൽക്കും. ബാരിക്കേഡ് തീർത്തിട്ടുണ്ടെങ്കിൽ അതിന് മുകളിലായി ചാടി കയറും. മുകളിൽ എത്തിയില്ല എങ്കിൽ പുറകിൽ നിന്നും തള്ളിക്കൊടുക്കും എന്നായിരുന്നു എംഎൽഎ പറഞ്ഞത്.

കഴിഞ്ഞ ദിവസം സമരത്തിനിടെ ബാരിക്കേഡിന് മുകളിൽ കയറാൻ ശ്രമിച്ച വനിതാ കോൺഗ്രസ് പ്രവർത്തകയ്ക്കെതിരേ വ്യാപക സൈബർ ആക്രമണം നടന്നിരുന്നു. ഇത് പരോക്ഷമായി പരാമർശിച്ചുകൊണ്ടാണ് കോൺഗ്രസ് വനിതാ നേതാക്കളെ എംഎൽഎ ഒന്നടങ്കം അധിക്ഷേപിച്ചത്.

അതേസമയം പ്രസ്താവനയിൽ ഉറച്ചു നിൽക്കുന്നുവെന്ന് കെ. ബാബു പറഞ്ഞു. താൻ പറഞ്ഞതിൽ എന്താണ് തെറ്റ്. സമരത്തിനിടെയുണ്ടായ സംഭവത്തിന്റെ ചിത്രങ്ങളും, വീഡിയോകളും എല്ലാവരും കണ്ടതാണ്. അതിനെയാണ് സൂചിപ്പിച്ചത് എന്നാണ് എംഎൽഎയുടെ വാദം.

അധികാരം നിലനിർത്താനാണ് പിണറായി ശ്രമിക്കുന്നത്: കെ. സുരേന്ദ്രൻ

പാലക്കാട്: മതമൗലികവാദികൾക്ക് കുടപിടിച്ച് അധികാരം നിലനിർത്താനാണ് പിണറായി സർക്കാർ ശ്രമിക്കുന്നതെന്നും അത് ജനങ്ങൾ തിരിച്ചറിയണമെന്നും ബിജെപി സംസ്ഥാന അധ്യക്ഷൻ കെ.സുരേന്ദ്രൻ. നരേന്ദ്ര മോദി സർക്കാരിന്റെ എട്ടാം വാർഷികാഘോഷങ്ങളോടാനുബന്ധിച്ച് കേന്ദ്ര പദ്ധതികളുടെ ഗുണഭോക്താക്കളുടെ സംഗമം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

കേന്ദ്രസർക്കാർ നടപ്പാക്കുന്ന വികസനപദ്ധതികളെ തുരങ്കം വയ്ക്കുന്ന ചില സംസ്ഥാനങ്ങളുടെ നീക്കം അവർക്ക് തന്നെ വിനയാണ്. കേരളം, തമിഴ്നാട്, പശ്ചിമബംഗാൾ,ദൽഹി സർക്കാരുകൾ അന്ധമായ രാഷ്ട്രീയവിരോധത്തിന്റെ പേരിൽ കേന്ദ്രപദ്ധതികൾ അട്ടിമറിക്കുകയാണ്. കേന്ദ്രപദ്ധതികളുടെ പേര് മാറ്റി തങ്ങളുടേതാക്കി മാറ്റുന്ന നിലപാടാണ് ഇവർ സ്വീകരിച്ചിരിക്കുന്നത്. മാത്രമല്ല ഫണ്ട് വകമാറ്റി ചെലവഴിച്ചത് മൂലം പല പദ്ധതികളുടെയും പ്രയോജനം ജനങ്ങളിൽ എത്തുന്നില്ല. ഇതുമൂലം യഥാർത്ഥ ഗുണഭോക്താക്കൾ പുറന്തള്ളപ്പെടുകയാണെന്നും സുരേന്ദ്രൻ പറഞ്ഞു. മോദിയുടെ പദ്ധതികൾ കൃത്യമായി വിനിയോഗിച്ചാൽ സാധാരണക്കാരുടെ പ്രശ്നങ്ങൾക്ക് പരിഹാരമാവുമെന്നും അദ്ദേഹം പറഞ്ഞു.

ബിജെപി ജില്ലാ അധ്യക്ഷൻ കെ.എം.ഹരിദാസ് അധ്യക്ഷത വഹിച്ചു. സംസ്ഥാന ജന.സെക്രട്ടറി സി.കൃഷ്ണകുമാർ,ദേശീയ സമിതി അംഗം എൻ.ശിവരാജൻ, മേഖല അധ്യക്ഷൻ വി. ഉണ്ണികൃഷ്ണൻ, ജില്ലാ ജന.സെക്രട്ടറിമാരായ പി.വേണുഗോപാൽലൻ, പി.ജയൻ തുടങ്ങിയവർ പങ്കെടുത്തു.

നരേന്ദ്ര മോദി സർക്കാരിന്റെ എട്ടാം വാർഷികാഘോഷങ്ങളോടാനുബന്ധിച്ച് കേന്ദ്ര പദ്ധതികളുടെ ഗുണഭോക്താക്കളുടെ സംഗമം കെ.സുരേന്ദ്രൻ ഉദ്ഘാടനം ചെയ്യുന്നു.

കുളിമുറിയിൽ ക്യാമറ: സിപിഎം ബ്രാഞ്ച് സെക്രട്ടറി അറസ്റ്റിൽ

പാലക്കാട്: മൊബൈൽ ക്യാമറയുപയോഗിച്ച് യുവതിയുടെ കുളിമുറി ദൃശ്യങ്ങൾ ചിത്രീകരിക്കാൻ ശ്രമിച്ച കേസിൽ ഒളിവിൽ പോയ സിപിഎം ബ്രാഞ്ച് സെക്രട്ടറി പിടിയിലായി. കൊടുമ്പ് അമ്പലപ്പറമ്പ് ബ്രാഞ്ച് സെക്രട്ടറി ഷാജഹാൻ (38) ആണ് തമിഴ്നാട്ടിൽ അറസ്റ്റിലായത്. കേസിനെത്തുടർന്ന് ഷാജഹാനെ പാർട്ടിയിൽനിന്ന് സസ്പെൻഡുചെയ്തിരുന്നു.

കഴിഞ്ഞ ഒമ്പതിന് രാത്രി 11നാണ് കേസിനാസ്പദമായ സംഭവം. കുളിമുറിയുടെ വെന്റിലേറ്ററിലൂടെ കൈ വരുന്നതുകണ്ടപ്പോഴാണ് യുവതിക്ക് അപകടം മനസ്സിലായത്. ബഹളംവെച്ചപ്പോൾ പുറത്ത് നിന്നയാൾ ഓടിപ്പോയി. പിന്നീട് വീടിന്റെ പരിസരത്തുനിന്ന് ഷാജഹാന്റെ മൊബൈൽ ഫോൺ കണ്ടെത്തിയപ്പോഴാണ് കുളിമുറിയിലെ ദൃശ്യങ്ങൾ പകർത്താൻ ശ്രമിച്ചത് ഷാജഹാനാണെന്ന് കണ്ടെത്തിയതെന്ന് പരാതിയിൽ പറയുന്നു.

ഫോൺസഹിതമാണ് യുവതി പരാതിനൽകിയത്. പ്രതിയുടെ പക്കൽ ഫോൺ ഇല്ലാത്തതിനാൽ മൊബൈൽഫോൺ കേന്ദ്രീകരിച്ചുള്ള അന്വേഷണം നടത്താനാകാത്ത സ്ഥിതിയിലായിരുന്നു പൊലീസ്. ഇയാളുടെ ബന്ധുക്കളെ ചോദ്യംചെയ്തിരുന്നു. തുടർന്നാണ് തമിഴ്നാട്ടിൽ നിന്ന് പ്രതിയെ പിടികൂടിയത്.

ICICI Home Finance

കോർപ്പറേറ്റ് ഓഫീസ്: ഐസിഐസിഐ ഹോം ഫിനാൻസ് കമ്പനി ലിമിറ്റഡ്, ഐസിഐസിഐ എച്ച്എഫ്സി ടവർ, അന്ധേരി- കുർള റോഡ്, അന്ധേരി (ഈസ്റ്റ്), മുംബൈ- 400059, ഇന്ത്യ.
ശാഖ ഓഫീസ്: ഐസിഐസിഐ ഹോം ഫിനാൻസ് കമ്പനി ലിമിറ്റഡ്, ഒന്നാം നില, പ്രസാദ് ആർക്കേഡ്, ബിൽഡിങ് നമ്പർ 28/ 127 / 5, പാട്ടുരായ്ക്കൽ ജംക്ഷൻ, ഷൊർണൂർ റോഡ്, തൃശൂർ-680022

[illegible]

സ്ഥാവരവസ്തുവിന്റെ വിൽപ്പനയ്ക്കുള്ള വിൽപ്പന നോട്ടീസ്

2002ലെ എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്റ്റ്, സെക്യൂരിറ്റൈസേഷൻ ആൻഡ് റീ കൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ് [illegible] പ്രകാരമുള്ള ഇ- ലേല വിൽപ്പന.

[illegible]

	വായ്പക്കാരന്റെ/സഹവായ്പക്കാരന്റെ/ ജാമ്യക്കാരന്റെ പേര്, നിയമപരമായ അവകാശികൾ ലോൺ അക്കൗണ്ട് നമ്പർ	ജാമ്യവസ്തുവിന്റെ വിശദാംശങ്ങൾ ഏതെങ്കിലും വിധത്തിലുള്ള ബാധ്യതയുണ്ടെങ്കിൽ അവ ഉൾപ്പെടെ	തിരിച്ചടയ്ക്കാനുള്ള തുക	റിസർവ് പ്രൈസ് / ഇഎംഡി	ഇൻസ്പെക്ഷൻ തീയതിയും സമയവും	ലേലത്തിന്റെ തീയതി, സമയം
(A)	(B)	(C)	(D)	(E)	(F)	(G)
1.	[illegible] (വായ്പക്കാരൻ) [illegible] (സഹവായ്പക്കാരൻ) ലോൺ അക്കൗണ്ട് നമ്പർ LHTHR00001315749	റീസർവേ നമ്പർ 127/14 , തൃശൂർ താലൂക്ക്, [illegible] വില്ലേജ്, തൃശൂർ ജില്ല	Rs. 14,34,424.00/- (7 ജൂൺ 2022 വരെ)	Rs. 8,81,409/- Rs. 88,141/-	28 ജൂൺ 2022 11:00 AM to 03:00PM	30 ജൂൺ 2022 02:00 PM to 03:00 PM

[illegible] https://sarfaesi.auctiontiger.net/EPROC) [illegible] 29 ജൂൺ 2022 വൈകിട്ട് 5 മണി [illegible]

[illegible] ഐസിഐസിഐ ഹോം ഫിനാൻസ് കമ്പനി ലിമിറ്റഡ്, ഒന്നാം നില, പ്രസാദ് ആർക്കേഡ്, ബിൽഡിങ് നമ്പർ 28/ 127 / 5, പാട്ടുരായ്ക്കൽ ജംക്ഷൻ, ഷൊർണൂർ റോഡ്, തൃശൂർ-680022 [illegible] 29 ജൂൺ 2022 വൈകിട്ട് 4 മണിക്കു [illegible] 29 ജൂൺ 2022 വൈകിട്ട് 5 മണിക്കു [illegible]

[illegible] ഐസിഐസിഐ ഹോം ഫിനാൻസ് കമ്പനി ലിമിറ്റഡിന്റെ 7021072869 എന്ന നമ്പറിൽ [illegible]

[illegible]
https://www.icicihfc.com/

തീയതി: ജൂൺ 15, 2022
സ്ഥലം: തൃശൂർ

അംഗീകൃത ഓഫീസർ
ഐസിഐസിഐ ഹോം ഫിനാൻസ് കമ്പനി ലിമിറ്റഡ്